പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4142 — 20-03-2018-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ. ഷംസുദ്ദീൻ**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>2. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)<br>3. പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം)<br>4. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)<br>5. സ്വച്ഛ് ഭാരത് മിഷൻ (അർബൻ)<br>6. നാഷണൽ റർബൻ മിഷൻ<br>7. അമൃത്<br>8. സ്മാർട്ട് സിറ്റി മിഷൻ<br>9. പി.എം.ജി.എസ്.വൈ<br>10. എൻ.യു.എൽ.എം<br>11. പി.എം.എ.വൈ (അർബൻ) |
| ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നുണ്ടോ എന്ന് അവലോകനം നടത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. തൻവർഷം ചെലവഴിക്കാത്ത തുക അടുത്ത വർഷത്തെ നീക്കിയിരുപ്പായി വകയിരുത്താറുണ്ട്. |
| (സി) | ഇങ്ങനെ ചെലവഴിക്കാതെ പോകുന്ന തുക പ്രത്യേക അനുമതിയോടുകൂടി മറ്റ് പദ്ധതികൾക്കായി വകമാറ്റി ചെലവഴിക്കുവാൻ കഴിയുമോ; വിശദമാക്കാമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക വകമാറ്റി ചെലവഴിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ